# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
## തിരുവനന്തപുരം -695033

നമ്പർ-ബി1/33870/2020/സം.തി.ക — തീയതി: 15.12.2020

വിഷയം: കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- പൊതുതിരഞ്ഞെടുപ്പ് 2020 വോട്ടെണ്ണലുമായി ബന്ധപ്പെട്ട അധിക നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: കമ്മീഷന്റെ 06.12.2020, 13.12.2020, 14.12.2020 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

## സർക്കുലർ

വോട്ടെണ്ണലുമായി ബന്ധപ്പെട്ട് സൂചന പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്ക് പുറമെ ചുവടെ പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1) വോട്ടെണ്ണൽ ആരംഭിക്കുന്നതിന് മുമ്പ് വിതരണം ചെയ്ത സാധാരണ പോസ്റ്റൽ ബാലറ്റുകളുടെയും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റുകളുടെയും എണ്ണം ബന്ധപ്പെട്ട കൗണ്ടിംഗ് ഏജന്റുമാരെ അതാത് വരണാധികാരികൾ അറിയിക്കേണ്ടതാണ്.

2) ബ്ലോക്ക് തലത്തിലുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും സ്ഥാനാർത്ഥികൾ കൂടുതൽ കൗണ്ടിംഗ് ഏജന്റുമാരെ നിയോഗിക്കുന്നതിന് ആവശ്യം ഉന്നയിക്കുന്ന പക്ഷം കൗണ്ടിംഗ് ഹാളിൽ ജനക്കൂട്ടം ഉണ്ടാകാത്തവിധം വരണാധികാരികൾക്ക് ഒരു ടേബിളിൽ പരമാവധി ഒരു ഏജന്റ് എന്ന ക്രമത്തിൽ നിയമനം നടത്താവുന്നതാണ്. കൗണ്ടിംഗ് ഹാളിൽ കർശനമായ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുവേണം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ ക്രമീകരണങ്ങൾ വരുത്തേണ്ടത്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും
എല്ലാ വരണാധികാരികൾക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും

പകർപ്പ്

എല്ലാ നോഡൽ ഓഫീസർമാർക്കും/ സെക്ഷനുകൾക്കും
സ്റ്റാന്റിംഗ് കൗൺസിൽ, പി.ആർ.ഒ
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : **0471-2325048 (Administration), 2337884 (Election)**
**e-mail:cru.sec@kerala.gov.in, electionker@gmail.com**
**website:www.sec.kerala.gov.in**